**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5591** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഇറച്ചിക്കോഴി കടകളിലെ മാലിന്യസംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ.പി. കെ. ബഷീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഇറച്ചിക്കോഴി കടകളിലെ മാലിന്യം സംസ്കരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ; | (എ) | നഗരസഭകളിൽ ഇറച്ചിക്കോഴി മാലിന്യം നിശ്ചിത യൂസർ ഫീ ഈടാക്കി, അംഗീകൃത ഏജൻസികൾ വഴിയും, സ്വകാര്യ ഏജൻസികൾ വഴിയും റെന്ററിംഗ് പ്ലാന്റുകൾ വഴിയും സംസ്കരിച്ചു വരുന്നു. കൂടാതെ ലൈസൻസികളുടെ ഉത്തരവാദിത്തത്തിൽ സംസ്കരിക്കുന്നവരും പന്നിഫാമുകളിലേയ്ക്ക് നൽകുന്നവരും ഉണ്ട്. സംസ്ഥാനത്തെ ഇറച്ചിക്കോഴി കടകളിലെ മാലിന്യം സംസ്കരിക്കുന്നതിന് അനുയോജ്യമായ റെന്ററിംഗ് പ്ലാന്റുകൾ (അറവു മാലിന്യ സംസ്കരണ പ്ലാന്റുകൾ) സ്ഥാപിക്കുന്നതിനായി സാങ്കേതിക സഹായം തദ്ദേശസ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ നൽകി വരുന്നു. |
| (ബി) | കോഴിയിറച്ചി വിൽക്കുന്നവർ തന്നെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഉണ്ട്. പൗൾട്രി മീറ്റ് സ്റ്റാളുകൾ, പൗൾട്രി വേസ്റ്റ് റെൻററിംഗ് പ്ലാൻറുകൾ എന്നിവയ്ക്ക് അനുമതി നൽകുന്ന മാർഗ്ഗരേഖയിൽ കോഴിയിറച്ചി വിൽക്കുന്നവർ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരാമർശിക്കുന്നുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിൽ കോഴിയിറച്ചി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിലേക്ക് അംഗീകൃത റെന്ററിംഗ് പ്ലാന്റ് ഉടമയുമായി കരാറിൽ ഏർപ്പെട്ട് മാലിന്യം കൈമാറാവുന്നതാണെന്നും, പ്ലാന്റ് സ്ഥിതിചെയ്യുന്ന ജില്ലക്കുള്ളിൽ റെന്ററിംഗ് പ്ലാൻറ് സൗകര്യം ലഭ്യമല്ലാത്തപക്ഷം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനിവാര്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സജ്ജീകരിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ